പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :709 29.05.2019-ൽ മറുപടിക്ക്

# സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ആദായ നികുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>,, കെ. രാജൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ.ആശ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പേരിനൊപ്പം ബാങ്ക് എന്ന് ചേർത്തിട്ടുള്ള സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ആദായ നികുതി നൽകേണ്ടിവരുമെന്ന ആദായനികുതി വകുപ്പിന്റെ നിലപാട് പ്രാഥമിക സഹകരണ സംഘങ്ങളെ ഏതുവിധത്തിലായിരിക്കും ബാധിക്കുന്നത്; വിശദമാക്കുമോ; | (എ) | റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് അനുവദിക്കാവുന്നതാണെന്ന് 1961 ലെ ഇൻകംടാക്സ് ആക്ടിലെ വകുപ്പ് 80(പി) (2) ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ 2006 ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആദായ നികുതി ഇളവ് ആനുകൂല്യം നിഷേധിക്കപ്പെട്ടു. നിലവിൽ 80(പി) യുടെ ആനുകൂല്യം ലഭിക്കുന്ന പി.എ.സി.എസ്, പി.സി.എ.ആർ.ഡി.ബി എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ ആയത് ടി സഹകരണ സംഘങ്ങളുടെ അംഗങ്ങൾക്ക് ലഭിക്കുന്ന ഡിവിഡന്റിൽ കുറവ് വരുന്നതിനും ലാഭത്തിൽ നിന്നും വകമാറ്റുന്ന മറ്റ് ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ചെയ്യും. കൂടാതെ സഹകരണ സംഘങ്ങളിലെ സാധാരണക്കാരുടെ നിക്ഷേപങ്ങൾക്ക് ആദായനികുതി നൽകേണ്ടി വരുമെന്ന ആദായനികുതി വകുപ്പിന്റെ നിലപാട് ബാങ്കിന് നിക്ഷേപകരെ നഷ്ടപ്പെടുന്നതിനും സഹകരണ ബാങ്കുകളുടെ പ്രവർത്തനമൂലധനത്തെയും നിക്ഷേപത്തെയും തന്മൂലം പ്രവർത്തനത്തെയും ദോഷകരമായി ബാധിക്കും. |
| (ബി) | ജില്ലാ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് നികുതി നൽകുമ്പോൾ അതിന്റെ ബാദ്ധ്യത ജില്ലാ ബാങ്കുകളാണോ അതോ പ്രാഥമിക സംഘങ്ങളാണോ വഹിക്കേണ്ടത്; വ്യക്തമാക്കുമോ; | (ബി) | നിലവിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ ജില്ലാ ബാങ്കിലെ നിക്ഷേപങ്ങൾക്ക് ആദായ നികുതി ഈടാക്കുന്ന പക്ഷം ആയതിന്റെ ബാധ്യത നിക്ഷേപം നൽകിയ പ്രാഥമിക സഹകരണ സംഘങ്ങൾ വഹിക്കേണ്ടി വരും. |

| | | | |
|---|---|---|---|
| (സി) | കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്ന് ആദായ നികുതി ഈടാക്കരുതെന്ന കോടതിയുടെയും ആദായ നികുതി ട്രിബ്യൂണലിന്റെയും വിധിയുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായ നികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത അപ്പീൽ തീർപ്പാക്കി ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്. ആദായ നികുതി നിയമത്തിൽ 80 പി(4) കൂട്ടിച്ചേർക്കപ്പെട്ടതോടെ 2007-2008 മുതൽ ആദായ നികുതി വകുപ്പ് ടി നിയമത്തിലെ 80 പി(2) പ്രകാരമുള്ള ആനുകൂല്യം നിഷേധിക്കുകയാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരവധി കേസ്സുകൾ ഫയൽ ചെയ്യപ്പെടുകയും വിശദമായ വിശകലനത്തിന് ശേഷം വിധി പ്രസ്താവിച്ചിട്ടുള്ളതും പല കേസ്സുകളും ഇപ്പോൾ തുടരുന്നതുമാണ്. ആർ.ബി.ഐ. യുടെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സംഘങ്ങൾക്കു മാത്രമേ ആദായ നികുതി നിയമത്തിലെ 80 പി(4) ബാധകമാകുകയുള്ളൂ എന്ന് പല വിധികളിലും വിശദമാക്കിയിട്ടുണ്ട്.<br><br>2006 ലെ ഫിനാൻസ് ആക്ടിലൂടെ ആദായ നികുതി നിയമത്തിലെ 80 പി ഭേദഗതി ചെയ്ത് 01/04/2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതിനാൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് 80 പി അനുസരിച്ചുള്ള ആദായ നികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകം ടാക്സ് വകുപ്പിന്റെ 20/09/2010 ലെ 6/2010 (F No.173(3)/44/2009-IT (A-I)) സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക സംഘങ്ങളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുവെങ്കിലും ടി സംഘങ്ങളുടെ അറ്റാദായത്തിലെ ഭൂരിഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്നും നേടുന്നതാണെന്ന വാദമുന്നയിച്ചാണ് ആദായനികുതി വകുപ്പ് പലപ്പോഴും അർഹമായ ആനുകൂല്യം നിഷേധിക്കുന്നതും കോടതി കേസുകളിൽ |

| | | | |
|---|---|---|---|
| | | | സംഘങ്ങൾക്കെതിരായി വിധി സമ്പാദിക്കുന്നതും. ഇൻകം ടാക്സ് ആക്ട് ഒരു കേന്ദ്ര നിയമം ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകളിന്മേൽ ഇടപെടാൻ പരിമിതികളുണ്ട്. എന്നിരുന്നാലും സഹകരണ മേഖലയെന്നത് സമ്പത്ത് വ്യവസ്ഥയെയും ജനങ്ങളുടെ വരുമാനം, തൊഴിൽ തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലകളെയും ബാധിക്കുന്നതാകയാൽ ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാകുന്നതിന് 02/07/2018-ൽ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പ് മന്ത്രി കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | സഹകരണ സംഘങ്ങൾ പേരിനൊപ്പം ബാങ്ക് എന്ന് ചേർക്കരുതെന്ന റിസർവ് ബാങ്കിന്റെ കർശന നിർദ്ദേശം നിലവിലുള്ളപ്പോൾ പുതിയ സംഘങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ 1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പുതുതായി സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുമ്പോൾ ബാങ്ക് എന്ന പദം പേരിനോട് ചേർത്ത് രജിസ്റ്റർ ചെയ്ത് നൽകുവാൻ പാടില്ല എന്ന് നിഷ്കർഷിച്ച് സഹകരണ സംഘം രജിസ്ട്രാർ 64/18 നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ സംഘങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് പേരിനോടൊപ്പം ബാങ്ക് എന്ന പദം ചേർക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**